# അല്ലാഹുവിനെകൊണ്ട് ചോദിച്ചാൽ വെറുതെ മടക്കരുത്

ഇബ്നു ഉമർ﵁വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

« مَنِ اسْتَعَاذَ بالله فأَعِيذُوهُ ، وَمَنْ سَأَلَ بالله فأَعْطُوهُ، وَمَنْ دَعَاكُم فأَجِيبُوهُ, وَمَن صَنَعَ إِلَيْكُم مَعْرُوفاً فَكَافِئُوهُ, فإِنْ لَم تَجِدُوا ما تُكَافِئُوهُ فَادْعُوا لَهُ حَتّى تَرَوْا أَنّكُم قَدْ كَافأْتُمُوهُ».

“അല്ലാഹുവിനെ കൊണ്ട് (അവന്റെ പേരിൽ) ആരെങ്കിലും അഭയം തേടിയാൽ നിങ്ങൾ അയാൾക്ക് അഭയം നൽകുക. അല്ലാഹുവിനെ കൊണ്ട് വല്ലതും ചോദിച്ചാൽ അവന് നിങ്ങൾ നൽകുക. ആരെങ്കിലും നിങ്ങളെ ക്ഷണിച്ചാൽ അവന് നിങ്ങൾ ഉത്തരം നൽകുക. വല്ലവരും നിങ്ങൾക്ക് നന്മ ചെയ്തുതന്നാൽ അയാൾക്ക് പ്രത്യുപകാരം ചെയ്യുക. അയാൾക്ക് നിങ്ങൾ പ്രത്യുപകാരം ചെയ്യുവാൻ ഒന്നും നിങ്ങൾ കണ്ടിട്ടില്ലെങ്കിൽ അയാൾക്ക് വേണ്ടി നിങ്ങൾ ദുആയിരക്കുക. നിങ്ങൾ അയാൾക്ക് പ്രത്യുപകാരം ചെയ്തു എന്ന് നിങ്ങൾക്ക് തോന്നുന്നതു വരെ.”[1]

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- അല്ലാഹുﷻയെ മുൻനിർത്തി അഭയം തേടുന്നവർക്ക് അഭയം നൽകൽ.
- അല്ലാഹുﷻയെ മുൻനിർത്തി വല്ലതും ചോദിച്ചാൽ നൽകൽ.
- ക്ഷണം സ്വീകരിക്കൽ.
- നന്മ ചെയ്തു തന്നാൽ പ്രത്യുപകാരം ചെയ്യൽ.

[1] സുനനു അബീദാവൂദ്, സുനനുന്നസാഇ. അൽബാനി ഹദീഥിനെ ‘സ്വഹീഹ്’’ ആക്കിയിട്ടുണ്ട്.

- പ്രത്യുപകാരം ചെയ്യുവാൻ കഴിയാത്തവർ പ്രാർത്ഥിച്ചാൽ അതാണ് അവരുടെ 'മുകാഫഅഃ' (പ്രത്യുപകാരം ചെയ്യൽ)
- ''നിങ്ങൾ പ്രത്യുപകാരം ചെയ്തു എന്ന് വിചാരിക്കുന്നതുവരെ'' എന്ന വാക്ക്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**